# Joint Press Release of the 4th India-Singapore Joint Working Group Meeting on Combating Terrorism and Transnational Crime

May 21, 2022

---

ഭീകരതയെയും രാജ്യാന്തര കുറ്റകൃത്യങ്ങളെയും ചെറുക്കുന്നതിനുള്ള നാലാമത് ഇന്ത്യ-സിംഗപ്പൂർ സംയുക്ത വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ് സംബന്ധിച്ച പത്രക്കുറിപ്പ്

2022 മെയ് 21

ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള തീവ്രവാദത്തെയും രാജ്യാന്തര കുറ്റകൃത്യങ്ങളെയും ചെറുക്കുന്നതിനുള്ള സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ (ജെഡബ്ല്യുജി) നാലാമത് യോഗം 2022 മെയ് 18 മുതൽ 19 വരെ സിംഗപ്പൂരിൽ നടന്നു. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ തീവ്രവാദ വിരുദ്ധ ജോയിന്റ് സെക്രട്ടറി മഹാവീർ സിംഘ്വി സിംഗപൂർ ആഭ്യന്തര മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി (നയം) മിസ്റ്റർ പുവാ കോക്ക് കിയോംഗ് എന്നിവർ സമ്മേളനത്തിൽ സഹ അധ്യക്ഷത വഹിച്ചു.

തന്ത്രപരമായ പങ്കാളികൾ എന്ന നിലയിൽ ഇന്ത്യയും സിംഗപ്പൂരും അതിർത്തി കടന്നുള്ള ഭീകരത ഉൾപ്പെടെ എല്ലാ രൂപങ്ങളിലുമുള്ള ഭീകരതയെയും ശക്തമായി അപലപിക്കുകയും ഭീകരതയെ സമഗ്രമായി നേരിടാൻ അന്താരാഷ്ട്ര സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു.

തങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു പ്രദേശവും മറ്റുള്ളവർക്ക് നേരെയുള്ള ഭീകരാക്രമണത്തിന് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എല്ലാ രാജ്യങ്ങളും ഉടനടി സുസ്ഥിരമായ നടപടി സ്വീകരിക്കണമെന്നും അത്തരം ഭീകരാക്രമണങ്ങളിലെ കുറ്റവാളികളെ വേഗത്തിൽ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത അംഗീകരിക്കണമെന്നും ജെ ഡബ്ല്യൂ ജി ഊന്നിപ്പറഞ്ഞു.

തീവ്രവാദികളുടെ അതിർത്തി കടന്നുള്ള നീക്കം, തീവ്രവാദത്തെ ചെറുക്കുക, തീവ്രവാദത്തിന് ധനസഹായം നൽകുന്നതിനെതിരെ പോരാടുക, ഇൻറർനെറ്റിന്റെ തീവ്രവാദ ഉപയോഗം കൈകാര്യം ചെയ്യുക എന്നിവ ഉൾപ്പെടെയുള്ള സമകാലിക തീവ്രവാദ വിരുദ്ധ വെല്ലുവിളികൾ ജെ ഡബ്ല്യൂ ജി ചർച്ച ചെയ്തു. ദേശീയ, പ്രാദേശിക, ആഗോള ഭീകരവാദ ഭീഷണി വിലയിരുത്തൽ, സൈബർ കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് കടത്ത്,

അന്തർദേശീയ സംഘടിത കുറ്റകൃത്യങ്ങളും തീവ്രവാദവും തമ്മിലുള്ള അവിശുദ്ധ ബന്ധം എന്നിവയെക്കുറിച്ചും ജെ ഡബ്ള്യൂ ജി അഭിപ്രായങ്ങൾ കൈമാറി. ഈ വെല്ലുവിളികളെ നേരിടുന്നതിൽ സിംഗപ്പൂരും ഇന്ത്യയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ സമ്മതിച്ചു.ഐക്യരാഷ്ട്ര സഭ ആസിയാൻ, എഫ്എടിഎഫ് തുടങ്ങിയ ബഹുമുഖ വേദികളിലെ സഹകരണം ആഴത്തിലാക്കുന്നതിനെക്കുറിച്ചും സമ്മേളനം അഭിപ്രായങ്ങൾ കൈമാറി.

ഇന്ത്യയും സിംഗപ്പൂരും ഏജൻസികൾ തമ്മിൽ വിവരങ്ങളും മികച്ച രീതികളും പങ്കിടൽ, നിയമപാലനം, തീവ്രവാദത്തെയും രാജ്യാന്തര കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ എന്നിവയിൽ.കൂടുതൽ സഹകരണത്തിനും പ്രതിജ്ഞാബദ്ധരാണ്.

സിംഗപ്പൂർ
**2022 മെയ് 21**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.